പ്രതികരണം

●

വി.എസ് സലീം

# ദൈവമാർഗത്തിലെ സ്നേഹ സമരം!

**'ലൗ ജിഹാദ്'** എന്ന വിഷം പുരട്ടിയ അസ്ത്രവും അതെയ്തുവിടുന്നവരുടെ ലക്ഷ്യവും തിരിച്ചറിയാൻ ഇന്ന് മുസ്‌ലിം സമുദായത്തിൽ പിറന്ന ഏതൊരാൾക്കും കഴിയും. മുരിങ്ങാക്കായയിൽ ദേശീയപതാക കെട്ടിയ മട്ടിലുള്ള ഈ വിലക്ഷണ പ്രയോഗം പക്ഷേ, പത്രഭാഷയിൽപോലും മലയാളത്തിന്റെ സന്ധി-സമാസങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്ന ഭാഷാഭിമാനികളും ദേശാഭിമാനികളുമായ ഭാഷാപത്രങ്ങൾ ഏറ്റു ചൊല്ലുന്നതിലെ പൊരുത്തക്കേടാണ് പിടികിട്ടാൻ പ്രയാസം. ഈ രണ്ടു കൂട്ടരുടെയും പ്രചാരണ കോലാഹലത്തിൽ സ്വാധീനിക്കപ്പെട്ടുപോകുന്ന 'നിഷ്പക്ഷക്കാരായ' പോലീസ് മേധാവികളുടെയും ന്യായാധിപന്മാരുടെയും സാമാന്യ വിവേചനബുദ്ധിപോലും ചിലപ്പോൾ കാക്ക കൊത്തിക്കൊണ്ടുപോകുന്നു എന്ന വിരോധാഭാസവും!

ഇതൊക്കെയാണെങ്കിലും ഏതു പ്രശ്നത്തെയും പോസിറ്റീവായി മാത്രം സമീപിക്കുന്ന ഒരു മുസ്‌ലിം മനസ്സിന് ഇതിനെയും അങ്ങനെ കാണാവുന്നതേയുള്ളൂ.

ലൗ എന്ന ഇംഗ്ലീഷ് വാക്കിന്റെ അർഥം ഇന്ന് മുലകുടി മാറാത്ത കുട്ടികൾക്കുപോലുമറിയാം. നഴ്സറി സ്കൂളിലെത്തിയാൽ തന്റെ അടുത്തിരിക്കുന്ന സഹപാഠിയോട് I love u എന്നു പറയാനുള്ള വിദ്യാഭ്യാസമൊക്കെ നമ്മുടെ പത്ര-ദൃശ്യമാധ്യമങ്ങളും സിനിമകളുമെല്ലാം ചേർന്നു സൃഷ്ടിക്കുന്ന 'റിയാലിറ്റി സംസ്കാരം' അവരെ പഠിപ്പിച്ചുവിടുന്നുണ്ടല്ലോ!

എന്നാൽ 'ജിഹാദ്' അങ്ങനെയല്ല. അത് ഇന്നേവരെ പാശ്ചാത്യ-പൗരസ്ത്യ ബുദ്ധിജീവികൾക്കു പോലും അർഥം പിടികിട്ടാത്തതും കടിച്ചാൽ പൊട്ടാത്തതുമായ ഏതോ ബ്രഹ്മാണ്ഡ കുഷ്മാണ്ഡമാണ്.

**ഗുണകാംക്ഷയാണ് ഓരോ മുസ്‌ലിമിനെയും പ്രബോധകനാക്കുന്നത്. അവൻ/ അവൾ അതിനാൽ ജാതി-മത-വർഗങ്ങൾക്കതീതമായി എല്ലാവരെയും സ്നേഹിക്കുന്നു (പ്രണയിക്കുകയല്ല!). എല്ലാവർക്കും നന്മ വരണമെന്നാഗ്രഹിക്കുന്നു. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ, ഈ ലോകത്തുനിന്ന് വിടവാങ്ങിയ ശേഷം താൻ ഏതൊരു സ്വർഗത്തിൽ ചെന്നുചേരണമെന്നാഗ്രഹിക്കുന്നുവോ അതേ സ്വർഗീയ ജീവിതം ഈ ഭൂമിയിലെ തന്റെ സഹജീവികൾക്കും ലഭിക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നു.**

അല്ലെങ്കിൽ ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ഒരു ഇസ്‌ലാമിക-ബിൻലാദിൻ-താലിബാൻ കുഴിബോംബ്!

നമ്മുടെ മേൽപറഞ്ഞ പോസിറ്റീവ് സമീപനത്തിന്റെ ഭാഷയിൽ 'ലൗ ജിഹാദി'നെ 'സ്നേഹസമരം' എന്നു വിളിക്കാം. ദൈവമാർഗത്തിലെ സ്നേഹസമരം!

'സ്നേഹം' എന്ന വാക്ക് പണ്ടേ ഒരു മതം കുത്തകയാക്കിവെച്ചതിനാലും നടേ പറഞ്ഞ മാധ്യമങ്ങളും സമൂഹവുമൊക്കെ ചേർന്ന് അത് അവർക്കു മാത്രമായി പതിച്ചു നൽകിയതിനാലും ഇസ്‌ലാമിന്റെ നിഘണ്ടുവിൽനിന്ന് അപ്രത്യക്ഷമായിരിക്കുകയായിരുന്നു. ആയതിനാൽ, മുസ്‌ലിംകൾ ആരോടും സ്നേഹമില്ലാത്ത, അരയിൽ കത്തി തിരുകിയ ഇറച്ചിവെട്ടുകാരും, കായംകുളം കൊച്ചുണ്ണിയുടെ പിൻഗാമികളായ കവലച്ചട്ടമ്പിമാരുമായിരുന്നു ഇതുവരെ. അവർക്കു സ്നേഹം, ദയ, പ്രണയം തുടങ്ങിയ മൃദുല വികാരങ്ങളില്ല; സുകുമാരകലകളില്ല; കലാലയ വിദ്യാഭ്യാസം തീരെയില്ല!

കാലം മാറിയപ്പോൾ കഥയും മാറി. ഭരിക്കുന്ന മുഖ്യമന്ത്രിയുടെ ഭാഷയിൽ കൂട്ടത്തോടെ കോപ്പിയടിച്ചിട്ടോ മാർക്ക് തിരുത്തിയിട്ടോ ആണെങ്കിലും അവരും പത്താം ക്ലാസ്സും പന്ത്രണ്ടാംക്ലാസ്സും നല്ല നിലയിൽ പാസ്സായി കലാലയമുറ്റങ്ങളിൽ എത്തിത്തുടങ്ങി. കാമ്പസുകളുടെ മരത്തണലുകളിൽ അവരുടെയും പ്രണയ നാമ്പുകൾ കിളിർക്കാൻ തുടങ്ങി. ഇരിക്കട്ടെ, അതല്ല പറഞ്ഞുവന്നത്.

'ലൗ' എന്ന വാക്കിനോട് ഇസ്‌ലാമിന് അലർജിയൊന്നുമില്ല. എന്നാൽ, ഇംഗ്ലീഷിനേക്കാൾ എന്തുകൊണ്ടും സമ്പന്നമായ അറബി ഭാഷയിലാണല്ലോ ഈ മതം പിറവി കൊണ്ടത്. 'മഹബ്ബത്ത്' എന്നതാണ് 'ലൗ'വിന്റെ അറബി ഭാഷാന്തരം (മുഹബ്ബത്ത്' എന്നത് വിവരക്കേടിന്റെ സൃഷ്ടിയായ ഒരു വാക്കാണ്. ഭാഷ അറബിയാണെങ്കിൽ എന്തു ഭീമാബദ്ധവും അച്ചടി മഷി പുരട്ടിവിടാൻ എല്ലാവർക്കും ലൈസൻസുള്ളതുകൊണ്ട് ആ വാക്കും നിലനിന്നുപോരുന്നു).

പ്രവാചകനോട് ഇസ്‌ലാമിന്റെ നിർവചനം ചോദിച്ചപ്പോൾ അദ്ദേഹം 'മഹബ്ബത്ത്' എന്നല്ല 'നസ്വീഹത്ത്' എന്ന വാക്കാണ് പ്രയോഗിച്ചത്. ഫലത്തിൽ രണ്ടും ഒന്നുതന്നെയാണെങ്കിലും, 'മഹബ്ബത്തി'ൽ ജന്തുസഹജമായ ഒരു വൈകാരിക ഭാവമാണുള്ളതെങ്കിൽ 'നസ്വീഹത്ത്' അതിനേക്കാൾ ഉദാത്തമായ മാനുഷിക മൂല്യമുൾക്കൊള്ളുന്നു എന്നതുകൊണ്ടാണിത്. മതമെന്നാൽ സ്നേഹമാണ്, പ്രണയമാണ്, അനുരാഗമാണ് എന്നൊക്കെ പറയുന്നതിനേക്കാൾ ആഴവും പരപ്പുമുണ്ട് 'അദ്ദീനു അന്നസ്വീഹ' എന്നതിന്. അതെ, ഇസ്‌ലാംമതമെന്നാൽ ഗുണകാംക്ഷയാണ്. തന്നോടും തന്റെ സഹജീവികളോടും ഈ പ്രപഞ്ചത്തോടുമുള്ള ഗുണകാംക്ഷ. സംശയിക്കേ

ണ്ട, 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ആർഷ പ്രോക്ത സിദ്ധാന്തം തന്നെയിതും! ലോകത്തിലെ സമസ്ത ജനങ്ങൾക്കും ഇഹത്തിലും പരത്തിലും ഗുണമുണ്ടാകണം എന്ന സത്യവിശ്വാസ പ്രചോദിതമായ ഹൃദയാഭിലാഷം!

ഈ ഗുണകാംക്ഷയാണ് ഓരോ മുസ്‌ലിമിനെയും പ്രബോധകനാക്കുന്നത്. അവൻ/ അവൾ അതിനാൽ ജാതി-മത-വർഗങ്ങൾക്കതീതമായി എല്ലാവരെയും സ്നേഹിക്കുന്നു (പ്രണയിക്കുകയല്ല!). എല്ലാവർക്കും നന്മ വരണമെന്നാഗ്രഹിക്കുന്നു. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ, ഈ ലോകത്തുനിന്ന് വിടവാങ്ങിയ ശേഷം താൻ ഏതൊരു സ്വർഗത്തിൽ ചെന്നുചേരണമെന്നാഗ്രഹിക്കുന്നുവോ അതേ സ്വർഗീയ ജീവിതം ഈ ഭൂമിയിലെ തന്റെ സഹജീവികൾക്കും ലഭിക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നു. ഞാനും എന്റെ കെട്ട്യോളും ഒരു തട്ടാനും മാത്രം സ്വർഗത്തിലുണ്ടായാൽ മതി എന്ന സ്വാർഥതയല്ല അവനെ നയിക്കുന്നത്. ഇഹലോകത്തെ തന്റെ കർമഫലം തനിക്കു പരലോകത്ത് സ്വർഗം നേടിത്തരുമെങ്കിൽ ബാക്കിയുള്ള സകലരും നരകത്തിൽ പോയി തുലഞ്ഞാലും അവന് ഒരു ചുക്കുമില്ലെങ്കിലും തന്റെ മത വിശ്വാസം അതല്ല അവനെ പഠിപ്പിക്കുന്നത്. ഇവിടെയുള്ള അദ്വാനിയും നരേന്ദ്ര മോഡിയും സുഷമാ സ്വരാജും ശോഭാ സുരേന്ദ്രന്മാരുമൊക്കെ ആ സ്വർഗത്തിൽ തന്നോടൊപ്പമുണ്ടാകണമെന്നാണ് അവന്റെ ആകാശ-ഭൂമിയോളം വിശാലമായ ലോക വീക്ഷണം!

ഈ പ്രപഞ്ച വീക്ഷണത്തിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയുള്ള അവന്റെ പരിശ്രമങ്ങളുടെ പേരാണ് ജിഹാദ്! സാക്ഷാൽ ലൗ ജിഹാദ്!

ഒരു ഇസ്‌ലാമിക പ്രബോധകന്റെ ഉദാത്തമായ ഈ പ്രപഞ്ച വീക്ഷണത്തെ പൊന്നാനിയിലെ മഊനത്തുൽ ഇസ്‌ലാംസഭയിൽ പോയി തൊപ്പിയിട്ടോ തട്ടമിട്ടോ വരുന്നതിന്റെ രൂപകമായി ചിത്രീകരിക്കാൻ ദയവായി ആരും മുതിരരുതേ എന്നാണ് വിനീതമായ അപേക്ഷ; എല്ലാവരോടും. ■